## കത്തുകൾ

# കണ്ണീരിന്റെ നനവുള്ള ഓർമക്കുറിപ്പുകൾ

**തെക്കൻ** കേരളത്തിൽ ഇസ്‌ലാമിക പ്രസ്ഥാനത്തിനു ജീവൻ നൽകാൻ പട്ടിണിയോട് പടവെട്ടി തളരാത്ത മനസ്സുമായി കർമരംഗത്ത് ഉറച്ചുനിന്നു പോരാടിയ ടി.കെ ആലുവയുടെ ഡയറിക്കുറിപ്പുകളെ ആധാരമാക്കി റശാദ് ആലുവ തയാറാക്കിയ 'കനൽപഥങ്ങളിൽ കാലിടറാതെ' എന്ന ആത്മകഥാപരമായ പരമ്പര കണ്ണുകൾ ഈറനാകാതെ വായിച്ചുതീർക്കാനാവില്ല.

1974 ജനുവരി 26ന് കാഞ്ഞിരപ്പള്ളിയിൽ നടന്ന മേഖലാ സമ്മേളനത്തിനിടയിൽ, അർധരാത്രി ഭക്ഷണശാലയും പരിസരവും വൃത്തിയാക്കുന്നതിൽ വ്യാപൃതരായ വീട്ടുടമ ബഷീറും ഭാര്യയും ഓർമയിൽ പച്ചപിടിച്ചു നിൽക്കുന്നതായി ടി.കെ അനുസ്മരിക്കുന്നുണ്ട്. മേലേട്ടുതകിടിയേൽ എം.എസ് മുഹമ്മദ് ബഷീറും ഭാര്യയുമായിരുന്നു അവർ. കടുത്ത എതിർപ്പുകളുടെ നാളുകളിൽ പ്രസ്ഥാനത്തെ നെഞ്ചേറ്റി നടന്ന വിരലിലെണ്ണാവുന്ന പ്രവർത്തകർക്ക് ബഷീർ സാഹിബും കുടുംബവും നൽകിയ പിന്തുണ വലിയ കരുത്താണ് പകർന്നത്.

എന്നാൽ ഈ മേഖലാ സമ്മേളനവും യാഥാസ്ഥിതികരുടെ കടുത്ത എതിർപ്പുകൾ നേരിട്ടുകൊണ്ടാണ് നടത്തിയതെന്ന് കെ.എൻ അബ്ദുല്ല മൗലവിയുടെ ഓർമക്കുറിപ്പുകളിൽനിന്നും കാഞ്ഞിരപ്പള്ളി ചരിത്രപഠന കേന്ദ്രത്തിന്റെ രേഖകളിൽനിന്നും മനസ്സിലാക്കാം. ഈ സമ്മേളനത്തിന്റെ വളരെ മുമ്പ്, അതായത് 1969 ആഗസ്റ്റ് 27ന് ഒരു ഫർക്കാ സമ്മേളനം കാഞ്ഞിരപ്പള്ളിയിൽ വിജയകരമായി നടത്തിയ ആത്മധൈര്യത്തിലാണ് മേഖലാ സമ്മേളനം പ്രവർത്തകർ ഏറ്റെടുത്തത്. നിർഭാഗ്യവശാൽ ഈ സമ്മേളനം പരാജയപ്പെടുത്താൻ പാരമ്പര്യവാദികൾ പല നീക്കങ്ങളും നടത്തി. ഇപ്പോഴത്തെ മുസ്‌ലിം അസോസിയേഷൻ ഹാൾ സ്ഥിതി ചെയ്യുന്ന സ്ഥലം അന്ന് കാടുകയറി കിടക്കുകയായിരുന്നു. അവിടം വൃത്തിയാക്കി പന്തലിടാനുള്ള ശ്രമം തുടങ്ങിയപ്പോൾ തന്നെ എതിർപ്പുതുടങ്ങി. സേലത്തുള്ള സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യാ ലിമിറ്റഡിന്റെ (എസ്.എ.ഐ.എൽ) അഡ്മിനിസ്‌ട്രേറ്റീവ് ഓഫീസറും കാഞ്ഞിരപ്പള്ളി സ്വദേശിയുമായ കെ.എം.പി.എം ഖാൻ സാഹിബിന്റെ വകയായിരുന്നു ആ സ്ഥലം. അവിടെ സമ്മേളനം നടത്താൻ അനുവാദം കൊടുക്കരുതെന്നു പറയാൻ സേലത്തുപോയി അദ്ദേഹത്തെ സ്വാധീനിക്കാൻ ശ്രമം നടത്തിനോക്കി. എന്നാൽ ഈ നീക്കം മുൻകൂട്ടിയറിഞ്ഞ പ്രവർത്തകർ കാഞ്ഞിരപ്പള്ളിയിലുള്ള അദ്ദേഹത്തിന്റെ ഭാര്യാ പിതാവും പ്രസ്ഥാന ബന്ധുവുമായിരുന്ന ചുന്ദിരം പറമ്പിൽ പി.ഒ ഫക്കീർ മുഹമ്മദ് സാഹിബിനെ സേലത്തേക്കയച്ച് ഖാൻ സാഹിബിന്റെ അനുമതിപത്രം നേരത്തേതന്നെ വാങ്ങി വെച്ചിരുന്നതിനാൽ സമ്മേളന വിരുദ്ധരുടെ ആദ്യ നീക്കം വിജയിക്കാതെ പോയി.

സമ്മേളന നഗരിയിലേക്കുള്ള പ്രധാന വീഥിയായ നൈനാർ പള്ളി റോഡിന്റെ ഇരുവശങ്ങളിലും പ്രവർത്തകർ സ്ഥാപിച്ച ബോർഡ്, ബാനർ, പോസ്റ്റർ എന്നിവ നശിപ്പിക്കാനായിരുന്നു അടുത്ത നീക്കം. പ്രചാരണോപാധികളിൽ കൈവെച്ചാൽ അതിനെ നേരിടുമെന്ന യുവാക്കളായ പ്രവർത്തകരുടെ ശക്തമായ നിലപാട് സംഘർഷത്തിന്റെ വക്കോളമെത്തിച്ചു. എന്നാൽ നാസിം പി.ഐ അബ്ദുൽ മജീദ് സാഹിബിന്റെയും മറ്റു നേതാക്കളുടെയും സന്ദർഭോചിതവും സംയമനപരവുമായ ഇടപെടലാണ് അതിന് തടയിട്ടത്. പ്രവർത്തകരെ ലോക്കപ്പിലാക്കാനുള്ള എതിരാളികളുടെ ഉന്നം അങ്ങനെ ഫലിക്കാതെ പോയി. പള്ളി റോഡിനോട് ചേർന്നുള്ള ഫക്കീർ മുഹമ്മദ് സാഹിബിന്റെ വക സ്ഥലത്ത് അവയൊക്കെ മാറ്റി സ്ഥാപിച്ച് സംഘർഷത്തിന് അയവ് വരുത്തുകയായിരുന്നു. തന്മൂലം എതിർപ്പുകാർക്ക് പ്രചാരണ വസ്തുക്കളിൽ തൊടാനായില്ല.

എന്നാൽ ഇതുകൊണ്ടൊന്നും യാഥാസ്ഥിതികർ തോൽക്കാൻ തയാറല്ലായിരുന്നു. സമ്മേളനത്തിന് ഒരാഴ്ച മുമ്പ് പള്ളി പരിസരത്ത് അവർ ഒരു വഅള് പരമ്പര സംഘടിപ്പിച്ചു. വാണിയമ്പലം മുസ്‌ലിയാരും വൈലിത്തറ മുഹമ്മദ് കുഞ്ഞു മുസ്‌ലിയാരുമായിരുന്നു പ്രസംഗകർ. ജീപ്പിലും ലോറിയിലുമൊക്കെയായി പരിസര പ്രദേശങ്ങളിൽനിന്നും ആളെ ഇറക്കി വഅള് പരമ്പരക്ക് കൊഴുപ്പേകാൻ നിർലോഭം പണം ചെലവഴിച്ചു. പ്രസംഗങ്ങളിലെ പ്രധാന വിഷയം 'പുത്തൻ പ്രസ്ഥാനക്കാരായ മൗദൂദികളെ' തേജോവധം ചെയ്യലായതിനാൽ പ്രസംഗങ്ങൾക്ക് നല്ല എരിവും പുളിയുമുണ്ടായി. ഇതിനു ശേഷം മേഖലാ സമ്മേളനത്തിലേക്ക് ആളുകൾ എത്താതിരിക്കാൻ വഴിയിൽ തടസ്സങ്ങൾ സൃഷ്ടിക്കുക, സമ്മേളന പന്തലിലേക്കുള്ളവെള്ളം മുടക്കുക തുടങ്ങിയവയുമുണ്ടായി. സമ്മേളന പന്തൽ ഓല കൊണ്ട് നിർമിച്ചിരുന്നതിനാൽ പന്തലിനു തീ വെക്കുമോ എന്ന ഭീതിയും പ്രവർത്തകർക്കുണ്ടായിരുന്നു. കോട്ടയത്തുനിന്ന് ഫയർ എഞ്ചിനുകൾ വരുത്തിയും രാത്രി കാവൽ നിന്നുമാണ് ഈ ഭീഷണി മറികടന്നത്.

താരതമ്യേന പ്രവർത്തകർ കുറവായ തെക്കൻ മേഖലയിലെ ഈ സമ്മേളനം വിജയിപ്പിക്കേണ്ട ചുമതല കെ.എൻ അബ്ദുല്ല മൗലവിയെയാണ് സംസ്ഥാന നേതൃത്വം ഏൽപിച്ചിരുന്നത്. ഏറെ പ്രയാസങ്ങൾ തരണം ചെയ്ത് മൗലവി കടമ നിറവേറ്റി. യാഥാസ്ഥിതികരുടെ എതിർപ്പ് കുറക്കാൻ പല തന്ത്രങ്ങളും അദ്ദേഹം പ്രയോഗിച്ചു. അന്ന് കെ.പി.സി.സി പ്രസിഡന്റായിരുന്ന ടി.ഒ ബാവ സാഹിബിന്റെ സഹായം ഇക്കാര്യത്തിൽ അദ്ദേഹം തേടിയിരുന്നു. ബാവ സാഹിബിന്റെ സഹോദരിയുടെ മക്കളിൽ ചിലർ അന്ന് കാഞ്ഞിരപ്പള്ളിയിൽ താമസമുണ്ടായിരുന്നു. അവരുടെ പിൻബലം ഉറപ്പാക്കാൻ കെ.എൻ ആലുവയിലെത്തി ബാവ സാഹിബുമായി ബന്ധപ്പെട്ടു. കൂടാതെ കാഞ്ഞിരപ്പള്ളിയിലെ ചില പ്രമുഖരുടെ വീടുകൾ സന്ദർശിച്ച് അവരുടെ പക്കൽനിന്ന് സംഭാവന പിരിക്കാനുള്ള പ്രവർത്തകരുടെ ബുദ്ധിമുട്ട് ലഘൂകരിച്ചുകൊടുത്തതും ഈ നയതന്ത്ര നീക്കങ്ങളുടെ ഭാഗമായിരുന്നു.

കാഞ്ഞിരപ്പള്ളി സമ്മേളനത്തിനു മുമ്പ് 1971ൽ ഈരാറ്റുപേട്ടയിൽ ജമാഅത്തിന്റെ ഒരു പ്രചാരണ യോഗം സംഘടിപ്പിക്കുകയുണ്ടായി. കെ.എൻ അബ്ദുല്ല മൗലവിയും മൊയ്തു മൗലവിയുമായിരുന്നു പ്രഭാഷകർ. മൊയ്തു മൗലവിയുടെ പ്രസംഗത്തിനിടെ വേദിയിലേക്കും സദസ്സിലേക്കും കല്ലുകളുടെ പ്രവാഹമുണ്ടായി. അവയിൽ ചിലത് മൗലവിക്ക് പരിക്കുകളും സമ്മാനിച്ചു. ബഹളത്തിനിടയിൽ പ്രവർത്തകർ സ്റ്റേജ് വളഞ്ഞ് മൗലവിയെ രക്ഷപ്പെടുത്തുകയായിരുന്നു.

കാല പ്രവാഹത്തിൽ അസംതൃപ്തരിൽ പലരും ഈ ലോകത്തോട് വിടപറയുകയും അവരുടെ പിൻഗാമികളിൽ പലരും പ്രസ്ഥാനത്തിന്റെ കാവലാളുകളായി മാറുകയും ചെയ്തു. സത്യമെന്തെന്നറിയാതെ എതിർപ്പുകളുമായി ഇറങ്ങിത്തിരിച്ചവരുടെ പാപങ്ങൾ അല്ലാഹു പൊറുത്തുകൊടുക്കുമാറാകട്ടെ എന്ന് നമുക്ക് പ്രാർഥിക്കാം.

**എം.എൻ മുഹമ്മദ് കാസിം**
**കാഞ്ഞിരപ്പള്ളി**



# അജ്ഞതയോ വികലമാക്കാനുള്ള ആവേശമോ?

***ശബാബ്*** വാരികയിലെ ചോദ്യോത്തര പംക്തിയിൽ (ലക്കം 28,35) ഇസ്‌ലാമിക സാമൂഹിക വ്യവസ്ഥിതിയെ സംബന്ധിച്ച് എഴുതിയതിൽ മുഴച്ചുനിൽക്കുന്നത് തികഞ്ഞ അജ്ഞതയോ തെറ്റിദ്ധരിപ്പിക്കാനുള്ള ബോധപൂർവമായ ശ്രമമോ ആണ്. ഇസ്‌ലാമിക സാമൂഹിക വ്യവസ്ഥിതിക്ക് വേണ്ടിയുള്ള പരിശ്രമങ്ങൾ ആവശ്യമല്ലേ എന്ന ചോദ്യത്തിനുള്ള മറുപടിയിൽ പറഞ്ഞിരിക്കുന്നത്, 'ദീനീവ്യവസ്ഥിതി ഇല്ലാതിരുന്നിട്ടും മദ്യഷാപ്പുകൾ തുറന്നു കിടക്കെ തന്നെ കേരള മുസ്‌ലിംകൾ സമ്പൂർണ മദ്യവർജനം പാലിക്കുന്നില്ലേ' എന്നാണ്!

മൂല്യങ്ങൾക്ക് പ്രാമുഖ്യം നഷ്ടപ്പെട്ട ഭരണവ്യവസ്ഥിതിയുടെ നയവൈകല്യങ്ങളുടെ ഫലമായി ഇന്നാട്ടിൽ പടർന്നുപന്തലിച്ചിരിക്കുന്ന ഒട്ടേറെ സാമൂഹികതിന്മകളിൽ മുസ്‌ലിം പ്രാതിനിധ്യം സംവരണം ആവശ്യമില്ലാത്തവിധം വർധിച്ചുവരുന്നത് അറിയാതെ പോയത് എന്തുകൊണ്ടാണാവോ? എന്നാൽ, ദൈവികമൂല്യങ്ങളിൽ അധിഷ്ഠിതമായ ഇസ്‌ലാമിക സാമൂഹിക വ്യവസ്ഥിതിയെന്നാൽ മുസ്‌ലിംകളെ സദാചാരവിരുദ്ധതയിൽനിന്ന് രക്ഷിക്കുന്നതിന് മാത്രമായുള്ള ഒരു സംവിധാനത്തിന്റെ പേരാണ് എന്ന 'മതവിവരം' എവിടെനിന്നാണ് ലഭിച്ചത്? രണ്ട് ലക്കങ്ങളിലെയും ഉത്തരങ്ങൾ വായിച്ചാൽ തോന്നുക മദ്യം, പലിശ, മോഷണം തുടങ്ങിയ തിന്മകളിൽനിന്ന് വിട്ടുനിൽക്കാനുള്ള വിശ്വാസപരമായ ദൃഢത അനുയായികൾക്കില്ലാത്തതിനാലാണ് മുഹമ്മദ് നബി(സ) ഉൾപ്പെടെയുള്ള പ്രവാചകന്മാർ ഇസ്‌ലാമിക വ്യവസ്ഥിതി സ്ഥാപിച്ചത് എന്നാണ്. ഇവിടത്തെ മുസ്‌ലിംകളുടെ തഖ്‌വ അപാരമായതിനാൽ ഇവിടെ അതിന്റെ ആവശ്യമില്ലെന്നും!

അല്ലാഹുവിന്റെ ഭൂമിയിൽ അനീതി, അക്രമം, അസമത്വം, അസാന്മാർഗികത തുടങ്ങിയ തിന്മകൾ നിർമാർജനം ചെയ്ത് ദൈവികനീതിയും മൂല്യവും സ്ഥാപിക്കുക എന്ന വിശ്വാസികളുടെ സാമൂഹിക ദൗത്യത്തിന്റെ പ്രായോഗികാവിഷ്കാരമാണ് ഇസ്‌ലാമിക രാഷ്ട്രീയവും സാമൂഹിക വ്യവസ്ഥിതിയും. നീതിയും ക്ഷേമവും മുഴുവൻ മനുഷ്യർക്കും മാത്രമല്ല പക്ഷി മൃഗാദികൾക്കും സസ്യലതാദികൾക്കും വരെ പ്രദാനം ചെയ്യുന്ന ഒരു വ്യവസ്ഥിതിയാണ് ഇസ്‌ലാം വിഭാവന ചെയ്യുന്നത്. 'മോഷ്ടിച്ചത് എന്റെ മകൾ ഫാത്വിമയാണെങ്കിലും ശിക്ഷയനുഭവിക്കും' എന്ന് നബി(സ) പ്രഖ്യാപിച്ചതും, കൊടിയ ശത്രുക്കളായ മക്കാ മുശ്‌രിക്കുകൾക്ക് ഭക്ഷ്യക്ഷാമം നേരിട്ടപ്പോൾ നബി(സ)യുടെ ഭരണകൂടം അവിടേക്ക് ഭക്ഷ്യധാന്യങ്ങൾ നൽകി സഹായിച്ചതും മറ്റും ഈ ഭൂമിയിൽ പുലരേണ്ട ദൈവികനീതിയുടെ സാക്ഷാത്കാരത്തിനായിരുന്നു. യൂഫ്രട്ടീസ് നദിക്കരയിൽ ഒരു ആട്ടിൻകുട്ടി പട്ടിണി കിടന്ന് ചത്താൽ താൻ ദൈവസമക്ഷം വിചാരണ നേരിടേണ്ടിവരുമെന്ന ബോധ്യത്തോടെ ഭരിച്ച ഉമറി(റ)ന്റെ ഖിലാഫത്തും ഈ വ്യവസ്ഥിതി മുന്നോട്ടുവെക്കുന്ന മൂല്യങ്ങളുടെ വ്യാപ്തി വിളിച്ചോതുന്നുണ്ട്.

ഇസ്‌ലാമികവ്യവസ്ഥിതി നിലവിൽ വന്നാൽ മാത്രമേ ദൈവിക നിയമങ്ങൾ നടപ്പാക്കേണ്ടതുള്ളൂ എന്നു വാദിക്കുന്നത് എന്തടിസ്ഥാനത്തിലാണെന്ന് മനസ്സിലാകുന്നില്ല. പ്രസ്തുത വ്യവസ്ഥിതിക്ക് വേണ്ടി പരിശ്രമിക്കേണ്ട ആവശ്യമില്ലെന്നാണോ? മുസ്‌ലിമായാൽ മാത്രമേ അല്ലാഹുവിന് ഇബാദത്ത് അർപ്പിക്കൽ നിർബന്ധമാവുന്നുള്ളൂ; അതിനാൽ അവിശ്വാസികളിലേക്ക് ഇസ്‌ലാമിക പ്രബോധനം നടത്തേണ്ട ആവശ്യമില്ല എന്ന് പറയാനുള്ള തെളിവ് ഖുർആനിൽനിന്ന് ലഭിക്കുന്നുണ്ടെങ്കിൽ മാത്രമേ അവ്വിധം വാദിക്കാനും സാധിക്കുകയുള്ളൂ. കാരണം ദഅ്‌വത്ത് വ്യക്തികളുടെ ഹിദായത്തിനും ഇസ്‌ലാഹിനും വേണ്ടിയാണെങ്കിൽ, ഖിലാഫത്ത് ഭൂമിയുടെയും സാമൂഹികാവസ്ഥകളുടെയും ഇസ്‌ലാഹിനു വേണ്ടിയാണ്. നബി(സ) മദീനയിൽ 'സ്വയംഭൂവായി' വന്ന ഒരു ഇസ്‌ലാമിക വ്യവസ്ഥിതി കണ്ടപ്പോൾ, വന്ന സ്ഥിതിക്ക് ഇനിയേതായാലും ചുമ്മാ കയറി അല്ലാഹുവിന്റെ നിയമങ്ങൾ നടപ്പാക്കിക്കളയാം എന്ന് തീരുമാനിച്ചതായിരുന്നില്ല. അറേബ്യയുടെ ഒരറ്റം സ്വൻആ മുതൽ മറ്റേയറ്റം ഹദ്റമൗത്ത് വരെ നിർഭയത്വവും സുരക്ഷിതത്വവും പുലരുന്ന ഒരു വ്യവസ്ഥ ലക്ഷ്യമായി നബി(സ) വിവരിച്ചത് പ്രബോധനത്തിന്റെ പ്രഥമഘട്ടത്തിലാണ് (ബുഖാരി).

പണമുള്ളവർ സകാത്ത് നൽകിയാൽ പോരേ, സകാത്ത് നൽകാൻ വേണ്ടി പണം സമ്പാദിക്കണോ എന്നെല്ലാം ഇതുമായി ബന്ധപ്പെട്ട് വാദിക്കുന്നത് നിരർഥകമാണ്. പണമുള്ളവർ സകാത്ത് നൽകണം. അപ്രകാരം തന്നെ, അല്ലാഹുവിൽ വിശ്വാസമുള്ളവർ അല്ലാഹുവിന്റെ ദീൻ നിഷ്കർഷിക്കുന്ന നീതിക്കും നന്മക്കും മേന്മക്കും വേണ്ടി നിലകൊള്ളുകയും ഇടപെടുകയും വേണം. അല്ലാഹുവിന്റെ മൂല്യങ്ങളെ പ്രതിനിധാനം ചെയ്തുകൊണ്ടുള്ള വ്യക്തിപരമായ ഖിലാഫത്ത് എന്ന ബാധ്യത (*അൽബഖറ* 30) സമഗ്രമായും സമ്പൂർണമായും നിർവഹിക്കുന്നതിനുള്ള ഒരു സാമൂഹിക പ്രക്രിയയുടെ ഭാഗമാണ് ഇസ്‌ലാമിക രാഷ്ട്രീയം. ആ പ്രക്രിയയുടെ വിജയകരമായ പര്യവസാനമാണ് ഇസ്‌ലാമിക സാമൂഹികവ്യവസ്ഥിതി. അല്ലാതെ വ്യവസ്ഥിതി വന്നു കഴിഞ്ഞ ശേഷം തുടങ്ങുന്ന ബാധ്യതയല്ല അല്ലാഹുവിന്റെ നിയമങ്ങളെ അനുസരിക്കലും പ്രതിനിധാനം ചെയ്യലും.

ഈ വ്യവസ്ഥിതിയെ കുറിച്ചുള്ള സ്വപ്നങ്ങളും അതിനു വേണ്ടിയുള്ള രചനാത്മകവും സമാധാനപൂർണമായ പരിശ്രമങ്ങളും മാറ്റിവെച്ചുകൊണ്ടുള്ള ദീനീ വിശ്വാസത്തെയാണ് ഭൂമിയിൽ സ്ഥാപിക്കപ്പെടാത്ത സാങ്കൽപിക ഭവനം എന്ന് ഇസ്‌ലാമിക നവോത്ഥാന നായകർ വിശേഷിപ്പിച്ചത്. 'ഇസ്‌ലാം നീതിക്ക് നന്മക്ക്' എന്ന സംസ്ഥാന സമ്മേളനത്തിന്റെ സുന്ദര മുദ്രാവാക്യം പുലരണമെങ്കിൽ ഈ ദൗത്യവും വ്യവസ്ഥിതിയും ഉണ്ടായേ പറ്റൂ. ജീർണമായ രാഷ്ട്രീയ സാമൂഹികാവസ്ഥകളുടെ ഫലമായി നാട്ടിൽ അനീതിയും ചൂഷണവും തിന്മയും കൊടികുത്തി വാഴുമ്പോൾ പ്രസ്തുത മേഖലകളെ പാടെ മാറ്റിനിർത്തി ആരാധനാ പ്രശ്നങ്ങളിൽ അഭിരമിച്ചാൽ ഇസ്‌ലാമിന്റെ നീതിയും നന്മയും എങ്ങനെ സാക്ഷാത്കരിക്കപ്പെടും?

**ഇബ്നു ഹാശിം മാഹി**